**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5717** **08-07-2024-ൽ മറുപടിയ്ക്ക്**

**<u>വിവിധ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ മെഡിക്കൽ കോളേജുകളിൽ പുതിയതായി എത്ര കിടക്കകൾ അനുവദിച്ചിട്ടുണ്ടെന്ന് മെഡിക്കൽ കോളേജും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** **<u>സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 175 കിടക്കകളും എസ്.എ.റ്റി ആശുപത്രിയിൽ 50 കിടക്കകളും അധികമായി അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് പൊളിച്ചു മാറ്റിയ 16, 17, 18, 19, 24, 25 വാർഡുകളിലെ 285 ബെഡുകൾക്ക് പകരമായി മറ്റു വാർഡുകളിൽ കൂടുതലായി 255 കിടക്കകൾ സജ്ജമാക്കുകയും ബാക്കിയുള്ള 30 ബെഡുകൾ ജീറിയാട്രിക്ക് വാർഡിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.റ്റി. ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒപ്ത്താൽമോളജി എന്നിവിടങ്ങളിലായി ആകെ 3359 കിടക്കകൾ സജ്ജമാക്കിയിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം</u>**

കൊല്ലം, പാരിപ്പള്ളിയിൽ 509 കിടക്കകളോടെ പുതുതായി മെഡിക്കൽ കോളേജ് ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു. 50 കിടക്കകളോട് കൂടിയ ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി</u>**

കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ 300 കിടക്കകൾ സജ്ജമാക്കിയിട്ടുണ്ട്. 200 കിടക്കകൾ കൂടി സജ്ജമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ</u>**

1051 കിടക്കകളുള്ള ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നിലവിൽ 1652 കിടക്കകൾ സജ്ജമാക്കിയിട്ടുണ്ട്. പുതിയതായി ആരംഭിച്ചിട്ടുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 184 കിടക്കകളും (വാർഡ് - 129, ഐ.സി.യു - 55). നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടന സജ്ജമായിരിക്കുന്ന ഓ.&ജി ബ്ലോക്കിൽ പുതിയ 39 കിടക്കകളും സജ്ജീകരിച്ചിട്ടുണ്ട്. പുതിയ ട്രോമ കെയർ ബ്ലോക്കിന്റെ നിർമ്മാണം

പൂർത്തീകരിക്കുന്നതോടെ ടി ബ്ലോക്കിൽ പുതിയ 60 കിടക്കകളും (നോർമൽ ബെഡ് 30, ഐ,സി,യു 30) വിവിധ ഡിപ്പാർട്ട്മെന്റുകളിൽ 122 കിടക്കകളും സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു.

**സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം**

1804 കിടക്കകളുള്ള കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നിലവിൽ കിടക്കകളുടെ എണ്ണം 2178 ആയി വർദ്ധിച്ചിട്ടുണ്ട്. പണി പൂർത്തിയായി വരുന്ന പുതിയ കാർഡിയോളജി - കാർഡിയോ തോറാസിക്ക് ബ്ലോക്കിൽ 200 കിടക്കകളും പുതിയ സജ്ജിക്കൽ ബ്ലോക്കിൽ 360 കിടക്കകളും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 400 കിടക്കകളും സജ്ജീകരിക്കാൻ കഴിയുന്നതാണ്.

**സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി**

100 കിടക്കകൾ ഉണ്ടായിരുന്ന ഇടുക്കി മെഡിക്കൽ കോളേജിൽ 200 കിടക്കകൾ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. നിലവിൽ ഇടുക്കി മെഡിക്കൽ കോളേജിലെ കിടക്കകളുടെ എണ്ണം 300 ആണ്.

**സർക്കാർ മെഡിക്കൽ കോളേജ്, ഏറണാകുളം**

സർക്കാർ ഏറ്റെടുക്കുന്ന സമയത്ത് 500 കിടക്കകൾ ഉണ്ടായിരുന്ന ഏറണാകുളം മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നിലവിൽ 675 കിടക്കകൾ ലഭ്യമാണ്. നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 683 കിടക്കകളും നിർമ്മാണം ആരംഭിച്ച ക്രിട്ടിക്കൽ കെയർ ബ്ലോക്കിൽ 50 കിടക്കകളും സജ്ജീകരിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലും നെഞ്ച് രോഗ ആശുപത്രിയിലുമായി ആകെ 1766 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ 2024 കിടക്കകൾ ലഭ്യമാണ്.

**സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി**

മഞ്ചേരി ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജ് ആയി ഉയർത്തുമ്പോൾ 501 കിടക്കകൾ അനുവദിച്ചിരുന്നു. നിലവിൽ കിടക്കകളുടെ എണ്ണം 562 ആയി ഉയർത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ച വരുന്ന ക്രിട്ടിക്കൽ കെയറിൽ 50 കിടക്കകളും പുതിയ റേഡിയോളജി ബ്ലോക്ക്, ഡയാലിസിസ് യൂണിറ്റ്, ലേബർ റൂം, എക്സ്റ്റൻഷൻ എന്നിവയുടെ പണികൾ പൂർത്തിയാകുന്നതോടെ 113 കിടക്കകളും കൂടി സജ്ജീകരിക്കാൻ കഴിയുന്നതാണ്.

**സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്**

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ62അഡീഷണൽ കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. പുതിയതായി നിർമ്മിച്ച പി.എം.എസ്.എസ്.വൈ ബ്ലോക്കിൽ 400 കിടക്കകൾക്കുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, വയനാട്**

മെഡിക്കൽ കോളേജ് ആശുപത്രിയായി പ്രവർത്തിക്കുന്ന മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിലവിൽ 391 കിടക്കകൾ സജ്ജമാക്കിയിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ</u>**

850 കിടക്കകൾ ഉള്ള കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് സർക്കാർ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. 150 കിടക്കകൾ സജ്ജീകരിക്കാവുന്ന ട്രോമ കെയർ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 50 കിടക്കകൾ സജ്ജീകരിക്കാവുന്ന ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മിക്കുന്നതിനായി M/s Inkel Ltd, DPR സമർപ്പിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്</u>**

പുതിയതായി ആരംഭിച്ച കാസർഗോഡ് മെഡിക്കൽ കോളേജിൽ നിലവിൽ ഒപി സൗകര്യം മാത്രമാണ് ഒരുക്കിയിരിക്കുന്നത്. 500 കിടക്കകൾ സജ്ജീകരിക്കുവാൻ സാധിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**(ബി)** പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ പുതിയതായി എത്ര എം.ആർ.ഐ., സി.റ്റി., അൾട്രാ സൗണ്ട് തുടങ്ങിയ സ്കാനിങ് സംവിധാനങ്ങളും എക്സ്-റേ മെഷീനുകളും സ്ഥാപിച്ചിട്ടുണ്ടെന്ന് മെഡിക്കൽ കോളേജ് തിരിച്ചുള്ള ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

**(സി)** കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വിവിധ മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട്; റേഡിയോ തെറാപ്പി പോലുള്ള സംവിധാനങ്ങൾ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്; ഈ കാലയളവിൽ ഇത്തരം സംവിധാനം പുതിയതായി അനുവദിച്ചിട്ടുണ്ടോ; മെഡിക്കൽ കോളേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** **<u>സർക്കാർ മെഡിക്കൽ കോളേജ്,തിരുവനന്തപുരം</u>**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോ ഡയഗ്നോസിസ് വിഭാഗം, റേഡിയോതെറാപ്പി വിഭാഗം, ന്യൂക്ലിയാർ മെഡിസിൻ വിഭാഗം എന്നിവ പ്രവർത്തിക്കുന്നു. ടി വിഭാഗങ്ങളിൽ ക്യാൻസർ നിർണ്ണയ ചികിത്സയും ലഭ്യമാക്കി വരുന്നു. റേഡിയോ തെറാപ്പി വിഭാഗത്തിൽ ടെലി കൊബാൾട്ട് മെഷീൻ, ലീനിയർ ആക്സിലറേറ്റർ, സിറ്റി സിമുലേറ്റർ എന്നീ ഉപകരണങ്ങൾ പൂർണ്ണതോതിൽ പ്രവത്തിച്ചുവരുന്നു.

റേഡിയോതെറാപ്പി വിഭാഗത്തിൽ ക്യാൻസർ ചികിത്സിയ്ക്കായി കീമോതെറാപ്പിയും റേഡിയേഷൻ ട്രീറ്റ്മെന്റും നൽകി വരുന്നു. RSBY, Medisep, KASP എന്നീ ഗവണമെന്റ് സ്കീമുകളിലൂടെ രോഗികൾക്ക് മിക്കവാറും എല്ലാ വില കൂടിയ കീമോ മരുന്നുകളും Radiation Treatment ഉം സൗജന്യമായി നൽകി വരുന്നു. നൂതന Radiation Treatment രോഗികൾക്ക് ലഭ്യമാക്കുന്നതിനായി റേഡിയോ തെറാപ്പി വിഭാഗത്തിൽ നിലവിലുള്ള ഉപകരണങ്ങൾ താഴെപ്പറയുന്നവയാണ്.

2021 ഡിസംബറിൽ Telecobalt Radiation machine പ്രവർത്തനം ആരംഭിച്ചു. ഇതിൽ Palliative and Curative Radiation ചികിത്സ നൽകുന്നു. The State of the Art, High Energy Linear Accelerator 2022 ൽ പ്രവർത്തനം ആരംഭിച്ചു. ഇതിൽ ആധുനിക രീതിയിലുള്ള 3D CRT, IMRT Arc Therapy എന്നീ treatment രീതികൾ രോഗികൾക്ക് നൽകി വരുന്നു. 2024 ൽ Radiation treatment Planning ന് സഹായിക്കുന്ന CT Simulator പ്രവർത്തനം ആരംഭിച്ചു. ഈ മെഷീനിൽ എടുക്കുന്ന സി റ്റി സ്കാൻസ് അടിസ്ഥാനമാക്കി High Precision Radiation treatment പ്ലാൻ ചെയ്യുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ</u>**

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിൽ ക്യാൻസർ രോഗികൾക്ക് അതിനൂതന ചികിത്സയായ റേഡിയേഷനും (Linear Accelerator Machine, Brachy Therapy Machine) കീമോ തെറാപ്പിയും നൽകുന്നു. കൂടാതെ അർബുദ രോഗനിർണ്ണയം വേഗത്തിലാക്കുന്നതിനായി IHC Stainer എന്ന ഉപകരണം വാങ്ങുന്നതിനായി 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരു ഓങ്കോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് 3.20 കോടി രൂപ അനുവദിക്കുകയും പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം</u>**

കോട്ടയം മെഡിക്കൽ കോളേജിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിൽ 2021 ൽ 11.75 കോടി രൂപ മുടക്കി സി റ്റി സിമുലേറ്റർ മെഷീൻ സ്ഥാപിച്ചു. കൂടാതെ 6 കോടി രൂപ എച്ച്.ഡി.ആർ, റേഡിയേഷൻ മെഷീൻ എന്നിവ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ക്യാൻസർ വാർഡുകൾ, ഒ പി ബ്ലോക്ക് ഐ സി യു എന്നിവയുടെ നവീകരണം 2018-2019 വർഷത്തിൽ നടന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>**

തൃശ്ശൂർ മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ നെഞ്ചു രോഗാശുപത്രിയിൽ ലീനിയർ ആക്സിലറേറ്റർ മെഷീനും, ബാബട്രോൺ മെഷീനും പുതുതായി സ്ഥാപിച്ചിട്ടുണ്ട്. സർജിക്കൽ ഓങ്കോളജി ഒപി, ഓപ്പറേഷൻ തിയേറ്റർ, അനുബന്ധ മുറികൾ എന്നിവ നെഞ്ച് രോഗാശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. ഇത്തരം സൗകര്യങ്ങൾ ക്യാൻസർ രോഗികൾക്ക് ശസ്ത്രക്രിയ ചെയ്യുന്നതിനും സർജിക്കൽ ഓങ്കോളജിസിറ്റിനെ കാണുന്നതിനും ഒരു കുടക്കീഴിൽ തന്നെ റേഡിയേഷൻ, സർജറി, കീമോതെറാപ്പി വിഭാഗങ്ങൾ കൊണ്ടുവരുന്നതിനും സഹായകമായിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>**

ക്യാൻസർ ചികിത്സയ്ക്കായി 44.5 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ച് ത്രിതീയ ക്യാൻസർ കെയർ സംവിധാനത്തിന്റെ ഭാഗമായി 30,000/- ചതു. അടിയിൽ ഒരു കെട്ടിടവും, ലീനിയർ ആക്സിലറേറ്റർ, സ്പെക്റ്റ് ഗാമ ക്യാമറ എന്നിവയും 2020 ൽ 2.42 കോടി രൂപയുടെ ഒരു കൊബാൾട്ട് മെഷീനും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ത്രീഡി മാമോഗ്രാം വിത്ത് സ്റ്റീരിയോ ടെക്നിക്ക് ബയോപ്സി ഫെസിലിറ്റീസ്, 50 MA X-ray മെഷീൻ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. 2018 മുതൽ പുതിയ ത്രിതല ക്യാൻസർ കെയർ സെന്ററിൽ ക്യാൻസറിനുള്ള എല്ലാവിധ ചികിത്സയും റേഡിയോതെറാപ്പി, കീമോതെറാപ്പി, ഓങ്കോളജി സർജറി എന്നിവയും നൽകി വരുന്നു. ലോകോത്തര നിലവാരത്തിലുള്ള സർജിക്കൽ ഓങ്കോളജി മോഡുലാർ തിയേറ്റർ 2 എണ്ണം നിലവിലുണ്ട്. പ്രതി വർഷം ഏകദേശം 500 സ്പെഷ്യൽ ഓങ്കോ സർജറി ചെയ്യുന്നുണ്ട്. ഇതിനുപുറമേ മറ്റ് സർജറി വിഭാഗങ്ങളിലായി ഏകദേശം 3000 കാൻസർ സർജറികൾ വർഷം തോറും നടക്കുന്നുണ്ട്. 60 കിടക്കകളുള്ള കീമോ ഡേ കെയർ സെന്ററിൽ 100 ഓളം രോഗികൾക്ക് കീമോതെറാപ്പി ചികിത്സ കൊടുക്കുന്നു. Truebeam Linear Accelerator ഉപയോഗിച്ചുള്ള IMRT, IGRT, SBRT, SRT എന്നീ അതിനൂതന റേഡിയേഷൻ ചികിത്സകൾ ഇവിടെ നടന്നുവരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ</u>**

കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കീമോതെറാപ്പി സംവിധാനം ലഭ്യമാണ്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി</u>**

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്യാൻസർ രോഗനിർണ്ണയത്തിന് ആവശ്യമായ അൾട്രാ സൗണ്ട് സ്കാനിംഗ്, സിടി സ്കാനിംഗ്, സ്തനാർബുദ രോഗനിർണ്ണയത്തിനുള്ള മാമോഗ്രാം പരിശോധന, FNAC പരിശോധന, Truct Biopsy പരിശോധന, Cervical (ഗർഭാശയഗള ക്യാൻസർ രോഗ നിർണ്ണയത്തിനായുള്ള Papsmear പരിശോധന, Biopsy) Multiplemyeloma, Leukemia തുടങ്ങിയവയുടെ രോഗനിർണ്ണയത്തിനായുള്ള Bonemarrow Aspiration Cytology and trephine biopsy ക്യാൻസർ നിർണ്ണയത്തിനുള്ള Puch biopsy, Lymphoma രോഗനിർണ്ണയത്തിന് ആയുള്ള excision biopsy എന്നിവ ലഭ്യമാണ്. കൂടാതെ സ്തനാർബുദ ചികിത്സയ്ക്കായുള്ള MRM, BCS Surgery, Ovarian Cancer രോഗനിർണ്ണയത്തിന്റെ ഭാഗമായ staging Laparotomy ovarian cancer ചികിത്സയുടെ ഭാഗമായ Cytoreduction surgery, Endometrial cancer ചികിത്സയുടെ ഭാഗമായ Hysterectomy എന്നിവയും ലഭ്യമാണ്.

ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ ഒരു കീമോ തെറാപ്പി വാർഡ് (Bed Strength -5) ലഭ്യമാണ്. ഒരു ദിവസം ഏകദേശം 50 രോഗികൾ ക്യാൻസർ രോഗനിർണ്ണയത്തിനും 20 രോഗികൾ Injection Chemotherapy ചികിത്സയ്ക്കായും ഓങ്കോളജി ഒപി യിൽ എത്തുന്നു. KMSCL supply യും കാസ്പ് സൗകര്യങ്ങളും ഉപയോഗപ്പെടുത്തി ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമാ എല്ലാവിധ Injection Chemotherapy, Oral chemo Hormone therapy, Targeted therapy, Monoclonal antibody treatment എന്നിവയും ഇവിടെ ലഭ്യമാക്കുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>**

വയനാട് സർക്കാർ മെജിക്കൽ കോളേജിൽ ക്യാൻസർ നേരത്തെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗും, രോഗനിർണ്ണയവും നടക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

## സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | 2 സ്ലൈസ് സിറ്റി സ്കാനർ | 1 | 2016-1 |
| 2 | ഡിജിറ്റൽ റേഡിയോഗ്രാഫി (ഡിആർ) മെഷീൻ 1000 എംഎ ന്യൂഡിആർ | 1 | 2016-1 |
| 3 | പോർട്ടബിൾ എക്സ്-റേ മെഷീൻ | 6 | 2016-1 |
| | | | 2017-1 |
| | | | 2018-1 |
| | | | 2020-1 |
| | | | 2022-2 |
| 4 | 500 എംഎ എക്സ്-റേ മെഷീൻ | 1 | 2017-1 |
| 5 | കമ്പ്യൂട്ടറൈസിഡ് റേഡിയോഗ്രാഫി | 3 | 2017-1 |
| 6 | അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ വിത്ത് 3ഡി/4ഡി | 2 | 2018-2 |
| 7 | എംഎക്സ് 16 സ്ലൈസ് സിറ്റി സ്കാനർ | 1 | 2019-1 |
| 8 | ഡിജിറ്റൽ സബ്ട്രാക്ഷൻ ആഞ്ചിയോഗ്രാഫി | 1 | 2020-1 |
| 9 | ഡിജിറ്റൽ മാമോഗ്രാഫി | 1 | 2020-1 |
| 10 | ഡിജിറ്റൽ ഫ്ലൂറോ | 1 | 2021-1 |
| 11 | പോർട്ടബിൾ അൾട്രാസൗണ്ട് മെഷീൻ | 1 | 2022-1 |
| 12 | അനസ്തേഷ്യ വർക്ക്സ്റ്റേഷൻ | 1 | 2022-1 |
| 13 | മൊബൈൽ ഡിജിറ്റൽ റേഡിയോഗ്രാഫി | 1 | 2023-1 |

## സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | സിറ്റി സ്കാനിംഗ് മെഷീൻ | 1 | 2017-1 |
| 2 | അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ | 2 | 2018-1 |
| 3 | പോർട്ടബിൾ എക്സ്റേ മെഷീൻ | 5 | 2018-1 |
| | | | 2019-1 |
| | | | 2020-1 |
| | | | 2021-1 |
| | | | 2022-1 |
| 4 | ഫിക്സഡ് എക്സ്റേ മെഷീൻ | 3 | 2018-1 |
| | | | 2019-2 |
| 5 | മാമോഗ്രാം യൂണിറ്റ് | 1 | 2019-1 |
| | | | |

## സർക്കാർ മെഡിക്കൽ കോളേജ്, കോന്നി

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | സി.റ്റി സ്കാനർ | 1 | 2022-1 |
| 2 | എക്സ്-റേ | 1 | 2021-1 |
| 3 | യു എസ് ജി | 4 | 2021-1 |
| | | | 2022-1 |
| | | | 2023-1 |
| | | | 2024-1 |
| 4 | പോർട്ടബിൾ എക്സ്-റേ മെഷീൻ | 1 | 2022-1 |

## സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | കളർ ഡോപ്ലർ യു എസ് എസ് മെഷീൻ | 1 | 2016-1 |
| 2 | എക്സ്റേ മെഷീൻ 30 കെ ഡബ്ല്യൂ | 3 | 2017-3 |
| 3 | ഡിജിറ്റൽ റേഡിയോഗ്രഫി | 1 | 2017-1 |
| 4 | സി റ്റി സ്കാൻ 128 സ്ലൈസ് | 1 | 2018-1 |
| 5 | കമ്പ്യൂട്ടർ റേഡിയോഗ്രഫി | 2 | 2018-2 |
| 6 | പോർട്ടബിൾ എക്സ്റേ മെഷീൻ | 2 | 2018-2 |
| 7 | കമ്പ്യൂട്ടർ റേഡിയോഗ്രഫി | 1 | 2019-1 |
| 8 | എക്സ്റേ മെഷീൻ 50 കെ ഡബ്ല്യൂ | 1 | 2019-1 |
| 9 | ആർ എഫ് അബ്ലേഷൻ സിസ്റ്റം | 1 | 2019-1 |
| 10 | യു എസ് ജി | 1 | 2019-1 |
| 11 | പോർട്ടബിൾ എക്സ്റേ മെഷീൻ | 1 | 2019-1 |
| 12 | കോംപാക്ട് പോർട്ടബിൾ പോയിന്റ് ഓഫ് കെയർ അൾട്രാസൗണ്ട് മെഷീൻ | 1 | 2019-1 |
| 13 | എം ആർ ഐ സ്കാൻ 1.5 ടെസ്റ്റല | 1 | 2020-1 |
| 14 | അൾട്രാസൗണ്ട് മെഷീൻ | 1 | 2020-1 |
| 15 | പോർട്ടബിൾ യു എസ് എസ് മെഷീൻ | 3 | 2020-3 |
| 16 | ഡിജിറ്റൽ റേഡിയോഗ്രഫി | 1 | 2020-1 |
| 17 | പോർട്ടബിൾ എക്സ്റേ മെഷീൻ | 3 | 2020-3 |
| 18 | അൾട്രാസൗണ്ട് വിത്ത് കളർ ഡോപ്ലർ | 1 | 2021-1 |
| 19 | മൊബൈൽ ഡിജിറ്റൽ റേഡിയോഗ്രഫി | 1 | 2021-1 |
| 20 | ഡയഗ്നോസ്റ്റിക് എക്സ്റേ മെഷീൻ | 1 | 2021-1 |
| 21 | ഡി എസ് എ ഇന്റർവെൻഷണൽ റേഡിയോഗ്രഫി | 1 | 2021-1 |
| 22 | മൊബൈൽ എക്സ്റേ മെഷീൻ | 1 | 2021-1 |
| 23 | അൾട്രാസൗണ്ട് കളർഡോപ്ലർ | 1 | 2021-1 |
| 24 | സ്കാനിംഗ് ലേസർതെറാപ്പി യൂണിറ്റ് | 1 | 2021-1 |

| | | | |
|---|---|---|---|
| 25 | എൻഡോസ്കോപിക് അൾട്രാസൗണ്ട് സിസ്റ്റം | 1 | 2021-1 |
| 26 | പോർട്ടബിൾ യു എസ് എസ് വിത്ത് കളർ ഡോപ്ലർ ഇ-ക്യൂബ് | 1 | 2022-1 |
| 27 | മൊബൈൽ എക്സ്റേ | 1 | 2022-1 |
| 28 | എൻഡോബ്രാക്കിയൽ അൾട്രാസൗണ്ട് | 1 | 2023-1 |
| 29 | എക്സ്റേ മെഷീൻ | 1 | 2023-1 |
| 30 | അൾട്രാസൗണ്ട് മെഷീൻ വിത്ത് കളർ ഡോപ്ലർ | 1 | 2023-1 |
| 31 | പോയിന്റ് ഓഫ് കെയർ അൾട്രാസൗണ്ട് വിത്ത് എക്കോ പ്രോബ് | 1 | 2023 |
| 32 | അൾട്രാസൗണ്ട് മെഷീൻ വിത്ത് കളർ ഡോപ്ലർ | 1 | 2024-1 |

**സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | വിപ്റേ ജിഇ അൾട്രാസൗണ്ട് മെഷീൻവെല്യൂഷൻ ഇ - 8 | 1 | 2017-1 |
| 2 | സൈമെൻസ് 1.5 ടെസ് ല എം ആർ ഐ മെഷീൻ | 1 | 2018-1 |
| 3 | മിൻഡ്രേ ഡിസി 60 അൾട്രാസൗണ്ട് മെഷീൻ | 1 | 2019-1 |
| 4 | 500 എം എ അലെൻജ്ഴ്സ് എക്സ്-റേ മെഷീൻ | 1 | 2019-1 |
| 5 | കാറെസ്ട്രീം ഡിആർ സിസ്റ്റം | 1 | 2019-1 |
| 6 | അൾട്രാസൗണ്ട് മെഷീൻ ലോജിക് എഫ് 8 എക്സ്പേർട്ട് | 1 | 2020-1 |
| 7 | 16 സ്ലൈസ് ഫിലിപ്സ് സിറ്റി സ്കാൻ മെഷീൻ | 1 | 2020-1 |
| 8 | അലെൻജെഴ്സ് സി ആർ പോർട്ടബിൾ മെഷീൻ | 1 | 2021-1 |
| 9 | ഫ്ളൂറോസ്കോപ്പി യൂണിറ്റ് | 1 | 2022-1 |
| 10 | അൾട്രാസൗണ്ട് മെഷീൻ | 1 | 2022-1 |
| 11 | അൾട്രാസൗണ്ട് മെഷീൻ | 1 | 2023-1 |
| 12 | പോർട്ടബിൾ എക്സ്റേ മെഷീൻ | 1 | 2023-1 |

**സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | യു.എസ്.ജി വിത്ത് ഡോപ്ലർ | 1 | 2021-1 |
| 2 | എക്സ്-റേ (ഡി.ആർ) | 1 | 2021-1 |
| 3 | സി.റ്റി (ഫിലിപ്സ് 16 സ്ലസ്) | 1 | 2021-1 |
| 4 | എക്സ്-റേ (സിആർ) | 1 | 202-1 |
| 5 | മാമോഗ്രാഫി | 1 | 2022-1 |
| 6 | മൊബൈൽ എക്സ്-റേ യൂണിറ്റ് | 2 | 2023-1 |

**സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | യു.എസ്.ജി മെഷീൻ | 3 | 2018-1<br>2019-2 |

| | | | |
|---|---|---|---|
| 2 | എം.ആർ.ഐ മെഷീൻ | 1 | 2019 |
| 3 | സി.റ്റി സ്കാൻ മെഷീൻ | 1 | 2018 |
| 4 | കൺവെൻഷണൽ എക്സ്-റേ | 2 | 2018-1 |
| 5 | ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം | 1 | 2018-1 |
| 6 | ഡിജിറ്റൽ റേഡിയോഗ്രാഫി & ഫ്ളൂറോസ്കോപ്പി | 1 | 2019-1 |
| 7 | എക്സ്-റേ മെഷീൻ (കാഷ്വാലിറ്റി) | 1 | 2020-1 |
| 8 | ഡിജിറ്റൽ മാമോഗ്രാഫി | 1 | 2020-1 |
| 9 | മൊബൈൽ റേഡിയോഗ്രാഫി | 1 | 2022-1 |
| 10 | കമ്പ്യൂട്ടറൈസിഡ് റേഡിയോഗ്രാഫി സിസ്റ്റം | 1 | 2017-1 |

**സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | അൾട്രാസൗണ്ട് മെഷീൻ വിത്ത് കളർ ഡോപ്ലർ ലോജിക് | 1 | 2016-1 |
| 2 | അനലോഗ് മാമോഗ്രാഫി | 1 | 2017-1 |
| 3 | സ്റ്റാറ്റിക് എക്സ്-റേ മെഡിലക്സ് 500 എം എ | 1 | 2017-1 |
| 4 | അനലോഗ് ഫ്ളൂറോസ്കോപ്പി വിത്ത് എംപിആർ-65 ഇൻ എംസിസിഎച്ച് | 1 | 2018-1 |
| 5 | ഡിജിറ്റൽ റേഡിയോഗ്രാഫി മോഡൽ എ കെയർ സ്ട്രീം | 1 | 2022-1 |
| 6 | ഡിജിറ്റൽ റേഡിയോഗ്രാഫി | 1 | 2023-1 |
| 7 | ഡിജിറ്റൽ ഫ്ളൂറോസ്കോപ്പി മെഷീൻ ടൈപ്പ് ബി-അലെൻജിസ് | 1 | 2023-1 |
| 8 | സി.റ്റി - 128 സ്ലൈസസ് | 1 | 2023-1 |
| 9 | സൈമെൻസ് യുഎസ്ജി മെഷീൻസ് | 2 | 2024-2 |

**സർക്കാർ മെഡിക്കൽ കോളേജ് ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | എം ആർ ഐ | 1 | 2023-1 |
| 2 | സി റ്റി സ്കാൻ | 1 | 2021-1 |
| 3 | ലിനാക് | 1 | 2021-1 |

**സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | എക്സ്-റേ മെഷീൻ | 3 | 2016-1<br>2018-2 |
| 2 | ഡിജിറ്റൽ എക്സ്-റേ മെഷീൻ | 1 | 2021-1 |
| 3 | പോർട്ടബിൾ എക്-റേ മെഷീൻ | 2 | 2016-1 |

| | | | |
|---|---|---|---|
| | | | 2021–1 |
| 4 | സി.റ്റി സ്കാൻ | 1 | 2019–1 |
| 5 | മാമോഗ്രാഫി | 1 | 2018–1 |
| 6 | യു.എസ്.ജി | 11 | 2017–1 |
| | | | 2018–1 |
| | | | 2019–1 |
| | | | 2020–3 |
| | | | 2021–3 |
| | | | 2022–2 |

**സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | സി.റ്റി സ്കാനർ | 3 | 2017–1 |
| | | | 2019–1 |
| | | | 2023–1 |
| 2 | എം.ആർ.ഐ സ്കാനർ | 1 | 2021–1 |
| 3 | യു.എസ്.ജി മെഷീൻ | 15 | 2017–3 |
| | | | 2018–2 |
| | | | 2019–4 |
| | | | 2022–1 |
| | | | 2023–5 |
| 4 | ഫിക്സഡ് എക്സ്–റേ മെഷീൻ | 6 | 2017–1 |
| | | | 2020–3 |
| | | | 2021–1 |
| | | | 2023–1 |
| 5 | ഡിജിറ്റൽ റേഡിയോഗ്രാഫി യൂണിറ്റ് | 1 | 2018–1 |
| 6 | 50 എം എ എക്സ്–റേ മെഷീൻ | 2 | 2018–2 |
| 7 | പോർട്ടബിൾ എക്സ്–റേ മെഷീൻ | 4 | 2020–3 |
| | | | 2023–1 |

**സർക്കാർ മെഡിക്കൽ കോളേജ്, വയനാട്**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | അൾട്രാസൗണ്ട് സ്കാനർ | 7 | 2018–1 |
| | | | 2020–2 |
| | | | 2021–1 |
| | | | 2022–1 |
| | | | 2023–2 |

**സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ**

<table>
<tr><th>ക്രമ നം.</th><th>ഉപകരണത്തിന്റെ പേര്</th><th>എണ്ണം</th><th>വർഷം</th></tr>
<tr><td>1</td><td>എക്സ്റേ ഡി ആർ സിസ്റ്റം</td><td>1</td><td>2021-22-1</td></tr>
<tr><td>2</td><td>പോർട്ടബിൾ എക്സ്റേ മെഷീൻ</td><td>8</td><td>2019-20 -8</td></tr>
<tr><td>3</td><td>പോർട്ടബിൾ എക്സ്റേ മെഷീൻ</td><td>1</td><td>2020-21 - 1</td></tr>
<tr><td rowspan="5">4</td><td rowspan="5">അൾട്രാസൗണ്ട് മെഷീൻ</td><td rowspan="5">19</td><td>2019-20-7</td></tr>
<tr><td>2021-22- 4</td></tr>
<tr><td>2020-21-3</td></tr>
<tr><td>2022-23- 4</td></tr>
<tr><td>2023-24-1</td></tr>
</table>

**സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്**

| ക്രമ നം. | ഉപകരണത്തിന്റെ പേര് | എണ്ണം | വർഷം |
|---|---|---|---|
| 1 | പോർട്ടബിൾ എക്സ്-റേ മെഷീൻ | 1 | 2020-1 |